**പരാതി പരിഹാര അദാലത്ത് ; 80 ശതമാനം**

**പരാതികളും തീർപ്പാക്കി ജില്ല കളക്ടർ**

- ഓൺലൈൻ അദാലത്ത് ജില്ലയിൽ ആദ്യമായി

ആലപ്പുഴ : മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ജില്ല കളക്ടറുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മാവേലിക്കര താലൂക്ക് പരാതി പരിഹാര അദാലത്തിൽ 80 ശതമാനം കേസുകളിലും തീർപ്പായി. കോവിഡ് പശ്ചാത്തലത്തിൽ ആദ്യമായാണ് പരാതി പരിഹാര അദാലത്ത് ഓൺലൈനായി സംഘടിപ്പിച്ചത്. ആകെ 54 കേസുകൾ പരിഗണിച്ചു. മുഴുവൻ കേസുകളും ജില്ല കളക്ടർ എ. അലക്സാണ്ടർ നേരിട്ട് കേട്ടാണ് തീർപ്പാക്കിയത്. തീർപ്പാകാത്ത കേസുകൾ ധ്യതഗതിയിൽ നടപടികൾക്കായി അതത് വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥർക്ക് കൈമാറി. മാവേലിക്കര താലൂക്കിലെ 20 അക്ഷയ സെന്ററുകൾ വഴിയാണ് കളക്ടർ പരാതിക്കാരുമായി നേരിട്ട് സംവദിച്ചത്. അഡീഷണൽ ജില്ല മജിസ്ട്രേറ്റ് ജെ.മോബി, ഡെപ്യൂട്ടി കളക്ടർ സ്വർണ്ണമ്മ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ എന്നിവർ അദാലത്തിൽ പങ്കെടുത്തു.
കെ.ഐ.പി. കനാലിന്റെ പ്രശ്നം : കളക്ടർ ഉടൻ യോഗം വിളിക്കും

ആലപ്പുഴ: മാവേലിക്കര പാലമേൽ വില്ലേജിൽ ആദിക്കാട്ടുകുളങ്ങര വടക്ക് മുറിയിൽ പടിഞ്ഞാറ്റതിൽ വീട്ടിൽ റജീനമോൾ കളക്ടറുടെ പരാതി പരിഹാര അദാലത്തിലെത്തിയത് കെ.ഐ.പി. കനാൽ തുറന്നു കഴിഞ്ഞാൽ വീട് വെള്ളത്തിലാകുന്ന ദുഖം അറിയിച്ചാണ്.കനാൽ വെള്ളം അനിയന്ത്രിതമായി കയറി വീടിന്റെ അടിത്തറ തകരുകയും കൃഷി നശിക്കുകയും ചെയ്യുന്നു എന്നാണ് പരാതി. കെ.ഐ.പി കനാലിന്റെ അരിക് സംരക്ഷണവുമായി ബന്ധപ്പെട്ട് അടിയന്തിര ശ്രദ്ധ വേണമെന്ന് കണ്ടതിനെത്തുടർന്ന് ജില്ല കളക്ടർ എ. അലക്സാണ്ടർ കനാലിന്റെ സമീപത്തുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കെ.ഐ.പി കനാൽ ചുമതലയുള്ള

ഉദ്യോഗസ്ഥരുടെയും അടിയന്തിര യോഗം വിളിക്കാൻ നിർദ്ദേശം നൽകി.

സ്വകാര്യ ലാബിൽ രക്ത പരിശോധന നടത്തിയപ്പോള് പരിശോധനാഫലം എച്ച്.ഐ.വി പോസിറ്റീവ് എന്ന് തെറ്റായി കാണിച്ചുവെന്ന പരാതിയുമായി ചുനക്കര സ്വദേശിയുടെ പരാതി കളക്ടർ പരിഗണിച്ചു. ലാബിൽ നിന്ന് എച്ച്ഐവി പോസിറ്റീവ് റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് തന്റെ ജീവിതം താളംതെറ്റിയതായി അദേഹം പറഞ്ഞു. ആത്മഹത്യയെക്കുറിച്ച് വരെ ചിന്തിച്ചു. പുറത്തുള്ള മൂന്നു ലാബുകളിൽ പരിശോധിച്ചപ്പോൾ എച്ച്ഐവി പോസിറ്റീവ് അല്ല എന്ന് കണ്ടെത്തിയതായി ഇദ്ദേഹം ചൂണ്ടിക്കാട്ടി. ലാബുകാർക്കെതിരെ നടപടി വേണമെന്നാവശ്യപ്പെട്ടാണ് പരാതി നൽകിയത്. പരാതി ജില്ലാ മെഡിക്കൽ ഓഫീസർക്ക് നേരത്തെ കൈമാറിയിട്ടുണ്ടെന്നും അവരുടെ റിപ്പോർട്ട് ലഭിച്ച ശേഷം വിവരം നൽകാമെന്നും ജില്ലാ കളക്ടർ ഉറപ്പു്ുനൽകി.

മാവേലിക്കര നഗരസഭയിൽ നിന്ന് സാനിട്ടേഷൻ വർക്കർ ആയി വിരമിച്ചയാളുടെ കുടുംബപെൻഷൻ ആവശ്യപ്പെട്ടാണ് രത്നമ്മ കളക്ടർക്ക് പരാതി നൽകിയത്. പരാതി പരിഗണിച്ച കളക്ടർ ഫാമിലി പെൻഷൻ പ്രശ്നങ്ങൾ തീർത്ത് ഒരാഴ്ചയ്ക്കകം നൽകുന്നതിന് നടപടി സ്വീകരിക്കാൻ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. കറ്റാനം സ്വദേശിയായ ജോണിന്റെ കർഷക പെൻഷന് 2012 മുതൽ ലഭിക്കുന്നില്ലെന്ന പരാതിയിലും ബന്ധപ്പെട്ട കൃഷി ഓഫീസർ നടപടി സ്വീകരിച്ച് വേഗത്തില് പെൻഷൻ ലഭ്യമാക്കാമെന്ന് ഉറപ്പ് നൽകി.

ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കാത്തതുമായി ബന്ധപ്പെട്ടാണ് സജി ജില്ലാ കളക്ടർക്ക് മുമ്പിലെത്തിയത്. 57ാാം നമ്പർ അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് അനുമതി നൽകുന്നില്ല എന്നായിരുന്നു പരാതി. നിലവിൽ ഇതുമായി ബന്ധപ്പെട്ട കേസ് കോടതിയിലില്ലെന്നും എത്രയും പെട്ടെന്ന് ഭരണ സമിതിക്ക് മുന്നിൽ ഇത് അവതരിപ്പിച്ച് അംഗീകാരം നൽകാനും പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിലുള്ളതാണ്

ഭൂമി. രാവിലെ 10 മണിക്ക് ആരംഭിച്ച അദാലത്ത് ഉച്ചയ്ക്ക് 2.30 വരെ നീണ്ടു.

(ചിത്രമുണ്ട്)

**ഡങ്കിപ്പനിക്കെതിരെ ജാഗ്രത പുലർത്തണം -ജില്ല മെഡ◌ിക്കല് ഓഫീസർ**

ആലപ്പുഴ: കൊതുകു വളരാനുള്ള സാഹചര്യം വർദ്ധിച്ചിരിക്കുന്നതിനാല് കൊതുകു വളരാനുള്ള സാധ്യതകള് വീടുകളിൽ ഇല്ല എന്ന് ഉറപ്പാക്കേണ്ടതാണെന്ന് ജില്ല മെഡിക്കല് ഓഫീസർ ആരോഗ്യം അറിയിച്ചു.

നിങ്ങളുടെ വീട്ടിൽ ടെറസ്, സൺഷെയ്ഡ് എന്നിവിടങ്ങളില് വെള്ളം കെട്ടികിടപ്പില്ലെന്ന് ഉറപ്പാക്കുക. ടെറസ്സിൽ ഉപേക്ഷിച്ചിരിക്കുന്ന പാഴ് വസ്തുക്കളില് വെള്ളം കെട്ടി നിൽക്കാതെ നോക്കുക. വീടിന് പരിസരത്ത് ചിരട്ട, പൊട്ടിയ പാത്രം, കുപ്പികൾ, പ്ലാസ്റ്റിക് പാഴ് വസ്തുക്കള്, മുട്ടത്തോട് എന്നിവയിൽ മഴ വെള്ളം കെട്ടി നിൽക്കരുത്. വീടിനുള്ളിൽ പാത്രങ്ങളിൽ ഒരാഴ്ചയില് കൂടുതല് അടച്ചു സൂക്ഷിക്കാതെ കുടിവെള്ളം സംഭരിക്കരുത്. ഫ്രിഡ്ജിനു പുറകിലെ ട്രേയിൽ വെള്ളം കെട്ടി നിൽക്കാതെ നോക്കുക. വീടിനുള്ളിൽ അലങ്കാര ചെടിയുടെ അടിയിലെ പാത്രത്തിൽ വെള്ളം കെട്ടി കിടക്കുന്നില്ല എന്ന് ഉറപ്പാക്കണം. വീടിനോടു ചേർന്ന് കുറ്റിച്ചെടികള് വളർന്നു നിൽക്കുന്നില്ലെന്നും വീടിനുള്ളില് തുണികള് സ്ഥിരമായി തൂക്കിയിട്ടിട്ടില്ലെന്നും ഉറപ്പാക്കണം. കൂടാതെ എല്ലാ ഞായറാഴ്ചകളിലും വീടുകളിൽ ഡ്രൈഡേ ആചരിക്കണം. ആഴ്ചയിൽ ഒരിക്കല് 15 മിനിട്ടെങ്കിലും വീടുകളുടെ അകത്തും മുകളിലും ചുറ്റുപാടുകളിലും നിരീക്ഷണം നടത്തി കൊതുകിന്റെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്ന പ്രക്രിയയാണിത്. കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങളില് എല്ലാവരും പങ്കാളികളാകണമെന്ന് ജില്ലാ മെഡിക്കൽ ആഫീസര് അറിയിച്ചു.

**മത്സ്യതൊഴിലാളികൾക്ക് ഫൈബർ റീ ഇൻഫോഴ്സ് വള്ളം നൽകൽ: അപേക്ഷ ക്ഷണിച്ചു**

ആലപ്പുഴ: 2020- 21 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത്

ഫിഷറീസ് വകുപ്പ് വഴി സമുദ്ര മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളായ മത്സ്യതൊഴിലാളികൾക്ക് ഫൈബർ റീ ഇൻഫോഴ്സ് വള്ളം നൽകൽ, പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഗിൽ നെറ്റ് നൽകൽ, 10 മീറ്റർ ഓ .എ .എൽ- ൽ അധികരിക്കാത്ത വള്ളങ്ങളിലെ കേടായ പഴയ വല മാറ്റി പുതിയ വല നൽകൽ എന്നീ പദ്ധതിയിലേയ്ക്ക് മത്സ്യതൊഴിലാളികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറം ജില്ലാഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫിസിൽ ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂൺ 20 . ഫോൺ : 0477 2251103.